ഭരണഭാഷ - മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ.ബി.റ്റി.വി.കൃഷ്ണൻ, ബി.ടെക്,)

<u>ഉത്തരവ് : നമ്പർ ബി2/119/2020/സിഇ തീയതി 23/12/2020</u>

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) ശ്രീ.സതീഷ് ചന്ദ്രനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ തോട്ടപ്പള്ളി സബ് ഡിവിഷനിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആലപ്പുഴ ഡിവിഷനിലെ തോട്ടപ്പള്ളി സബ് ഡിവിഷനിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കലും മറ്റു അനുബന്ധ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തികരിക്കുന്നതിനായി ഒരു അസിസ്റ്റന്റ് എൻജിനീയറുടെ സേവനം ലഭ്യമാക്കണമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിരിക്കുന്നു. ചെല്ലാനം സബ് ഡിവിഷനിൽ നിലവിൽ മൂന്നു അസിസ്റ്റന്റ് എൻജിനീയർമാർ ജോലി ചെയ്തു വരുന്നു. ഒരു അസിസ്റ്റന്റ് എൻജിനീയർ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തോട്ടപ്പള്ളിയിൽ നിയമിക്കുന്നത് ചെല്ലാനത്തെ പ്രവൃത്തികളെ സാരമായി ബാധിക്കില്ല. ഈ സാഹചര്യത്തിൽ ചെല്ലാനം സബ് ഡിവിഷനിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) ശ്രീ.സതീഷ് ചന്ദ്രനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ തോട്ടപ്പള്ളി സബ് ഡിവിഷനിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ 6 മാസത്തേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു. ശ്രീ.സതീഷ് ചന്ദ്രന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തോട്ടപ്പള്ളി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചെല്ലാനം സബ് ഡിവിഷനിൽ നിന്നും നൽകേണ്ടതാണ്.

ഒപ്പ്,

ചീഫ് എൻജിനീയർ

വ്യക്തിക്ക്

പകർപ്പ് :- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ചെല്ലാനം / തോട്ടപ്പള്ളി (മിയാന്റെ ഹാജർ സർട്ടിഫിക്കറ്റ് ചെല്ലാനം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് അയച്ചു കൊടുക്കേണ്ടതാണ്.)

" എക്സിക്യൂട്ടീവ് എൻജിനീയർ , എറണാകുളം / ആലപ്പുഴ

" സൂപ്രണ്ടിംഗ് എൻജിനീയർ, എറണാകുളം.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T1/പി.ജെ